**ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു**

ദൂത് മൂന്ന്

# ഗോതമ്പിന്റെയും യവത്തിന്റെയും ദേശം

MC *Hymns:* ML41, ML185

തിരുവെഴുത്ത് വായന: ആവ. 8:8, യോഹ. 11:25; 12:24-25; 1 കൊരി. 15:20; എഫെ. 1:20

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

John. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

John. 12:25 തന്റെ ദേഹിജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കുന്നു; ഈ ലോകത്തിൽ തന്റെ ദേഹിജീവനെ വെറുക്കുന്നവനോ, നിത്യജീവങ്കലേക്ക് അതിനെ സൂക്ഷിക്കും.

1 Cor. 15:20 എന്നാൽ ഇപ്പോൾ നിദ്രകൊണ്ടവരിൽ ആദ്യഫലമായി ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു.

Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

**I. ആവർത്തനം 8:8-ലെ ഗോതമ്പ് ജഡാവതാരം ചെയ്തവനും, ക്രൂശിക്കപ്പെട്ടവനും, അടക്കംചെയ്യപ്പെട്ടവനുമായ ക്രിസ്തുവിനെ മുൻകുറിക്കുന്നു—യോഹ. 12:24:**

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

A. ജഡാവതാരത്തിന്റെ ഘട്ടത്തിലുള്ള തന്റെ പൂർണ ശുശ്രൂഷയിൽ ക്രിസ്തു അപരിമേയനായ ദൈവത്തെ പരിമിതനായ മനുഷ്യനിലേക്ക് കൊണ്ടുവന്നു—1:1, 14:

John. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

John. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

1. പരിമിതനായ മനുഷ്യനെന്ന നിലയിൽ ജഡത്തിലുള്ള ക്രിസ്തു സ്ഥലകാലങ്ങളിൽ പരിമിതനായിരുന്നു—7:6, 10.

John. 7:6 അതുകൊണ്ട് യേശു അവരോടു പറഞ്ഞു, എന്റെ സമയം ഇതുവരെ വന്നിട്ടില്ല, എന്നാൽ നിങ്ങളുടെ സമയം എപ്പോഴും ഒരുങ്ങിയിരിക്കുന്നു.

John. 7:10 എന്നാൽ അവന്റെ സഹോദരന്മാർ വിരുന്നിനു കയറിപ്പോയശേഷം, അവനും പരസ്യമായല്ല, രഹസ്യത്തിൽ എന്നപോലെ, കയറിപ്പോയി.

a. കർത്താവ് നിത്യനും, അപരിമേയനും, പരിധിയില്ലാത്തവനുമായ ദൈവമാണ്, എന്നാൽ കാലത്തിന്റെ വിഷയത്തിൽ പരിമിതനായിരുന്നുകൊണ്ട് അവൻ ഇവിടെ ഭൂമിയിൽ ഒരു മനുഷ്യനായി ജീവിച്ചു—വാ. 6.

John. 7:6 അതുകൊണ്ട് യേശു അവരോടു പറഞ്ഞു, എന്റെ സമയം ഇതുവരെ വന്നിട്ടില്ല, എന്നാൽ നിങ്ങളുടെ സമയം എപ്പോഴും ഒരുങ്ങിയിരിക്കുന്നു.

b. കർത്താവ് സർവശക്തിയുള്ള ദൈവമാണെങ്കിലും, ഉപദ്രവത്തിൻകീഴിലുള്ള ഒരു മനുഷ്യനെന്ന നിലയിൽ അവൻ തന്റെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ പരിമിതനായിരുന്നു—വാ. 10.

John. 7:10 എന്നാൽ അവന്റെ സഹോദരന്മാർ വിരുന്നിനു കയറിപ്പോയശേഷം, അവനും പരസ്യമായല്ല, രഹസ്യത്തിൽ എന്നപോലെ, കയറിപ്പോയി.

2. പരിമിതനായ ഒരു മനുഷ്യനെന്ന നിലയിൽ, ജഡത്തിലുള്ള ക്രിസ്തു അറിവിൽ പരിമിതനായിരുന്നു—മത്താ. 24:36; ലൂക്കൊ. 2:40, 52; പ്ര.നി. യോഹ. 7:15; മർക്കൊ. 6:1-3.

Matt. 24:36 എന്നാൽ ആ നാളിനെയും നാഴികയെയും സംബന്ധിച്ചു, പിതാവു മാത്രം അല്ലാതെ, ആരും, സ്വർഗത്തിലെ ദൂതന്മാരോ പുത്രനോപോലും, അറിയുന്നില്ല.

Luke. 2:40 പൈതൽ ജ്ഞാനത്താൽ നിറഞ്ഞുകൊണ്ട്, വളർന്നു ബലപ്പെട്ടു, ദൈവകൃപയും അവന്റെമേൽ ഉണ്ടായിരുന്നു.

Luke. 2:52 യേശു ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ ജ്ഞാനത്തിലും, വലുപ്പത്തിലും, അവനിൽ വെളിവാക്കപ്പെട്ട കൃപയിലും വർധിച്ചുവന്നു.

John. 7:15 അതുകൊണ്ട് യെഹൂദന്മാർ ആശ്ചര്യപ്പെട്ട്, ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഈ മനുഷ്യൻ അക്ഷരങ്ങൾ അറിയുന്നത് എങ്ങനെ? എന്നു ചോദിച്ചു.

Mark. 6:1 പിന്നെ അവൻ അവിടെ നിന്നു പുറപ്പെട്ടു തന്റെ സ്വന്ത ദേശത്തിലേക്കു വന്നു; അവന്റെ ശിഷ്യന്മാരും അവനെ അനുഗമിച്ചു.

Mark. 6:2 ശബ്ബത്തായപ്പോൾ അവൻ സിനഗോഗിൽ ഉപദേശിക്കുവാൻ തുടങ്ങി; കേട്ടുകൊണ്ടിരുന്ന പലരും അമ്പരന്ന്, ഇവന് ഇതെല്ലാം എവിടെ നിന്ന്? ഇവനു നൽകിയിരിക്കുന്ന ഈ ജ്ഞാനം എന്ത്? എങ്ങനെയാകുന്നു ഇവന്റെ കൈകളാൽ ഈ വക വീര്യപ്രവൃത്തികൾ നടക്കുന്നത്?

Mark. 6:3 ഇവൻ തച്ചനും, മറിയയുടെ പുത്രനും, യാക്കോബിന്റെയും യോസെയുടെയും യൂദയുടെയും ശിമോന്റെയും സഹോദരനുമല്ലയോ? ഇവന്റ സഹോദരിമാരും ഇവിടെ നമ്മോടൊപ്പം ഇല്ലയോ? എന്നു പറഞ്ഞു. അവൻ നിമിത്തം അവർക്ക് ഇടർച്ച ഉണ്ടായി.

3. പരിമിതനായ ഒരു മനുഷ്യനെന്ന നിലയിൽ ജഡത്തിലുള്ള ക്രിസ്തുവിന് ഒരു സ്വാഭാവികമായ മനുഷ്യ ജീവനും ആശ്രിക്കുന്നതായ നിലനിൽപ്പും ഉണ്ടായിരുന്നു—യോഹ. 10:11, 15, 17; 6:57; മത്താ. 14:19.

John. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

John. 10:15 പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ തന്നെ; ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ വച്ചുകൊടുക്കുന്നു.

John. 10:17 എന്റെ ജീവനെ വീണ്ടും എടുക്കേണ്ടതിന്, ഞാൻ അതിനെ

വച്ചുകൊടുക്കുന്നതുകൊണ്ട്, പിതാവ് എന്നെ സ്നേഹിക്കുന്നു.

John. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

Matt. 14:19 പുരുഷാരത്തോട് പുല്ലിന്മേൽ ഭക്ഷണത്തിന് ഇരിക്കുവാൻ കൽപ്പിച്ച ശേഷം, അവൻ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു, സ്വർഗത്തിലേക്കു നോക്കിക്കൊണ്ട് അപ്പത്തെ അനുഗ്രഹിച്ച്, നുറുക്കി ശിഷ്യന്മാർക്കും, ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു.

B. തന്റെ ജഡാവതാരത്തിലൂടെയുള്ള ക്രിസ്തുവിന്റെ മനുഷ്യത്വം തന്റെ ദിവ്യത്വത്തെ മറയ്ക്കുകയും അതുവഴി അവന്റെ തേജസ്സിനെ മറയ്ക്കുകയും ചെയ്ത ഒരു പുറംതോടായിത്തീർന്നു—യോഹ. 1:14; 12:23-24; ലൂക്കൊ. 12:50.

John. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

John. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

Luke. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

1. അവന്റെ ദിവ്യത്വത്തിന്റെ തേജസ്സ് അവന്റെ മനുഷ്യത്വമെന്ന പുറംതോടിനാൽ മറയ്ക്കപ്പെട്ടിരുന്നതുകൊണ്ട്, കർത്താവായ യേശു തന്റെ ദിവ്യത്വത്തിന്റെ തേജസ്സിനെ വിടുവിക്കുന്നതിനുള്ള തന്റെ മരണം എന്ന സ്നാനത്താൽ സ്നാനപ്പെടുവാൻ വാഞ്ഛിച്ചുകൊണ്ട് ഞെരുങ്ങുകയും നിർബന്ധിതനാകുകയും ചെയ്തു—വാ. 50.

   Luke. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

2. തന്റെ ദിവ്യ ജീവനോടുകൂടിയ തന്റെ പരിധിയില്ലാത്തതും അപരിമേയവുമായ ദിവ്യ ആളത്തം തന്റെ ജഡത്തിൽനിന്നു വിടുവിക്കപ്പെടുന്നതിന് കർത്താവ് ശാരീരിക മരണത്തിന് വിധേയനാകണമായിരുന്നു.

3. കർത്താവായ യേശു നിലത്തു വീണു മരിക്കുകയും, ആ മരണം അവന്റെ മനുഷിക പുറംതോടിൽനിന്നും അവനെ വിടുവിക്കുകയും ചെയ്തു—യോഹ. 12:24:

   John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

   a. അവന്റെ മനുഷ്യത്വം എന്ന പുറംതോടിൽനിന്നും അവന്റെ ദിവ്യമൂലകം, അവന്റെ ദിവ്യജീവൻ വിടുവിക്കപ്പെടേണ്ടതിന് അവൻ നിലത്തു വീണു മരിച്ചു.

   b. നിലത്തു വീഴുന്ന ഒരു ഗോതമ്പുമണിയെന്ന നിലയിൽ കർത്താവായ യേശു തന്റെ ദിവ്യജീവൻ വിടുവിക്കുന്നതിനായി, മരണത്തിലൂടെ തന്റെ ദേഹി ജീവനെ നഷ്ടപ്പെടുത്തി.

C. നമ്മെ പരിമിതപ്പെടുത്തുകയും നമ്മെ ഞെരുക്കുകയും ചെയ്യുന്ന സാഹചര്യങ്ങളുടെ മധ്യത്തിൽ ഒരു ഗോതമ്പുമണിയായി നമുക്ക് ക്രിസ്തുവിനെ അനുഭവമാക്കാം—വാ. 24:

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു;

എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

1. നമ്മെ പരിമിതപ്പെടുത്തുന്നതും, നമ്മെ ഞെരുക്കുന്നതുമായ സാഹചര്യത്തിലേക്ക് കർത്താവിന്റെ സർവാധികാരത്തിൽ നാം വയ്ക്കപ്പെടുമ്പോഴെല്ലാം, നമുക്ക് കർത്താവിനെ ഗോതമ്പായി അനുഭവമാക്കാം—റോമ. 8:28.

   Rom. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

2. പരിമിതപ്പെടുത്തുന്നതും ക്ലിപ്തപ്പെടുന്നതുമായ നമ്മുടെ സാഹചര്യങ്ങളിൽ നാം കർത്താവിനെ ബന്ധപ്പെടുമ്പോൾ, അവൻ ഒരു പരിമിത മനുഷ്യനായിത്തീർന്ന അപരിമേയനായ ദൈവമാണെന്നും ഏതു തരത്തിലുള്ള പരിമിതികളെയും വഹിക്കുവാനുള്ള ശക്തി അവനിൽ ഉണ്ടെന്നും നാം മനസ്സിലാക്കും—ഫിലി. 4:13.

   Phil. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

3. പരിമിതനായ ജഡാവതാരം ചെയ്തവന്റെ ജീവിതം നയിക്കുവാൻ, നമ്മുടെ ജീവനായ ക്രിസ്തു ഒരു ഗോതമ്പുമണി എന്ന നിലയിൽ നമ്മുടെ ഉള്ളിലുണ്ട്—കൊലൊ. 1:27; 3:4.

   Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

   Col. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

4. നാം കർത്താവിനെ ബന്ധപ്പെടുന്നുവെങ്കിൽ, നാം അവനെ ഒരു ഗോതമ്പുമണിയായി അനുഭവിക്കുകയും, അവനിൽ നമ്മുടെ സാഹചര്യവുമായി നാം തൃപ്തരായിരിക്കുകയും ചെയ്യും—ഫിലി. 4:11-12.

   Phil. 4:11 ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

   Phil. 4:12 താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

5. ഗോതമ്പെന്ന നിലയിൽ നാം പരിമിതപ്പെടുവാൻ മനസ്സുള്ളവരും, മരിക്കുവാൻ മനസ്സുള്ളവരും, അടക്കപ്പെടുവാൻ മനസ്സുള്ളവരും, ഒന്നുമല്ലാതായിരിക്കുവാൻ മനസ്സുള്ളവരും ആകുവാൻ ക്രിസ്തു നമ്മുടെ ജീവനാണ്; ഇതാണ് ഗോതമ്പെന്ന നിലയിലുള്ള ക്രിസ്താനുഭവം—യോഹ. 12:24-25.

   John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

   John. 12:25 തന്റെ ദേഹിജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കുന്നു; ഈ ലോകത്തിൽ തന്റെ ദേഹിജീവനെ വെറുക്കുന്നവനോ, നിത്യജീവങ്കലേക്ക് അതിനെ സൂക്ഷിക്കും.

**II. ഗോതമ്പ് ജഡാവതാരം ചെയ്തവനും, ക്രൂശിക്കപ്പെട്ടവനും, അടക്കംചെയ്യപ്പെട്ടവനുമായ ക്രിസ്തുവിനെ സൂചിപ്പിക്കുമ്പോൾ, യവം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ സൂചിപ്പിക്കുന്നു—ആവ. 8:8a:**

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

A. നല്ലദേശത്തിൽ, യവം മറ്റെല്ലാ ധാന്യത്തെക്കാളും മുമ്പേ വിളയുന്നു; അതുകൊണ്ട്, അത് ആദ്യഫലമാണ്—1 കൊരി. 15:20:

   1 Cor. 15:20 എന്നാൽ ഇപ്പോൾ നിദ്രകൊണ്ടവരിൽ ആദ്യഫലമായി ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു.

   1. യവം നേരത്തെ വിളയുന്നതുകൊണ്ട്, അത് കൊയ്ത്തിന്റെ ആദ്യഫലമാണ്—ഉയിർത്തെഴുന്നേറ്റവനും പരിധിയില്ലാത്തവനുമായ ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്—വാ. 20.

      1 Cor. 15:20 എന്നാൽ ഇപ്പോൾ നിദ്രകൊണ്ടവരിൽ ആദ്യഫലമായി ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു.

   2. നമ്മുടെ ഉള്ളിലെ പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണ് യവമെന്നും, ഏത് സാഹചര്യത്തെയും സന്ധിക്കുവാൻ അവൻ പ്രാപ്തനാണെന്നും മനസ്സിലാക്കുന്നതിൽ നാം സന്തോഷിക്കുന്നു.

   3. പുനരുത്ഥാനത്തിന്റെ ആദ്യഫലമെന്ന നിലയിൽ ക്രിസ്തു ശരീരത്തിന്റെ തലയാകേണ്ടതിന് മരിച്ചവരിൽനിന്നുള്ള ആദ്യജാതനാണ് (കൊലൊ. 1:18; എഫെ. 1:20-23); ശരീരത്തിന്റെ തലയായ അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ശരീരമായ നാമും ഉയിർപ്പിക്കപ്പെടും.

      Col. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

      Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

      Eph. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

      Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

      Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

   4. ആദ്യഫലമെന്ന നിലയിൽ ക്രിസ്തു ജീവന്റെ അപ്പമായിത്തീർന്നിരിക്കുന്നു; തന്മൂലം, യവത്തപ്പം നമ്മുടെ ആഹാരമെന്ന നിലയിൽ പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്നു—യോഹ. 6:48:

      John. 6:48 ഞാൻ ജീവന്റെ അപ്പം ആകുന്നു..

      a. അഞ്ച് എന്ന സംഖ്യ ഉത്തരവാദിത്തത്തെ സൂചിപ്പിക്കുന്നു; ഇത് സൂചിപ്പിക്കുന്നത് പുനരുത്ഥാനം ചെയ്ത ക്രിസ്തു ഉത്തരവാദിത്തം വഹിക്കുവാൻ പ്രാപ്തനാകുന്നു എന്നാണ്.

      b. നാം ക്രിസ്തുവിനെ യവത്തപ്പമായി ഭക്ഷിക്കുമ്പോൾ നാം അനുഭവമാക്കിയ ക്രിസ്തുവിനെകൊണ്ട് മറ്റുള്ളവരെ പോഷിപ്പിക്കുവാൻ നാം യവത്തപ്പമായി തീരുന്നു.

   5. അഞ്ച് യവത്തപ്പം കൊണ്ട് കർത്താവായ യേശുവിന് അയ്യായിരം പേരെ പോഷിപ്പിക്കുവാനും ശേഷിച്ച കഷ്ണങ്ങൾ പന്ത്രണ്ട് കുട്ട ശേഖരിക്കുവാനും കഴിഞ്ഞു; ഇതാണ് പുനരുത്ഥാനം—മത്താ. 14:14-21; യോഹ. 6:9, 13.

Matt. 14:14 അവൻ പോകവേ, വലിയൊരു പുരുഷാരത്തെ കണ്ടു, അവന് അവരോടു മനസ്സലിവുണ്ടാകുകയും അവരുടെ രോഗികളെ സൗഖ്യമാക്കുകയും ചെയ്തു.

Matt. 14:15 വൈകുന്നേരം ആയപ്പോൾ ശിഷ്യന്മാർ, ഈ സ്ഥലം വിജനമാകുന്നു, നാഴിക ഇതിനകം വൈകിയുമിരിക്കുന്നു. പുരുഷാരം ഗ്രാമങ്ങളിലേക്കു പോയി തങ്ങൾക്കുള്ള ഭക്ഷണം വാങ്ങുവാൻ തക്കവണ്ണം അവരെ പറഞ്ഞയയ്ക്കേണം എന്നു പറഞ്ഞുകൊണ്ട് അവന്റെ അടുക്കൽ വന്നു.

Matt. 14:16 എന്നാൽ യേശു അവരോട്, അവർ പോകേണ്ട ആവശ്യമില്ല. നിങ്ങൾ അവർക്കു വല്ലതും ഭക്ഷിക്കുവാൻ കൊടുക്കുവിൻ എന്നു പറഞ്ഞു.

Matt. 14:17 അഞ്ച് അപ്പവും രണ്ടു മീനും അല്ലാതെ ഇവിടെ ഞങ്ങൾക്കൊന്നുമില്ല എന്നു അവർ അവനോടു പറഞ്ഞു.

Matt. 14:18 അവൻ അവരോട്, അവയെ ഇവിടെ എന്റെ അടുക്കൽ കൊണ്ടു വരുവിൻ എന്നു പറഞ്ഞു.

Matt. 14:19 പുരുഷാരത്തോട് പുല്ലിന്മേൽ ഭക്ഷണത്തിന് ഇരിക്കുവാൻ കൽപ്പിച്ച ശേഷം, അവൻ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു, സ്വർഗത്തിലേക്കു നോക്കിക്കൊണ്ട് അപ്പത്തെ അനുഗ്രഹിച്ച്, നുറുക്കി ശിഷ്യന്മാർക്കും, ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു.

Matt. 14:20 അവർ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. നുറുക്കുകളിൽ ശേഷിച്ചവയെ, അവർ പന്ത്രണ്ടു ചെറുകുട്ടകൾ നിറയെ എടുത്തു.

Matt. 14:21 ഭക്ഷിച്ചവരോ സ്ത്രീകളെയും കുട്ടികളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു.

John. 6:9 അഞ്ച് യവത്തപ്പവും രണ്ടു മീനുമുള്ള ഒരു ചെറിയ ബാലൻ ഇവിടെ ഉണ്ട്; എന്നാൽ ഇത്ര അധികം പേർക്ക് അത് എന്താകുന്നു?

John. 6:13 അങ്ങനെ അവർ ഭക്ഷിച്ചവർക്കിടയിൽ ശേഷിച്ച അഞ്ച് യവത്തപ്പത്തിൽ നിന്ന് നുറുക്കുകഷ്ണങ്ങൾ ശേഖരിച്ച് പന്ത്രണ്ടു ചെറുകുട്ടകൾ നിറച്ചു.

B. യവത്താൽ മുൻകുറിക്കപ്പെടുന്നതുപോലെ പുനരുത്ഥാനം ചെയ്ത ക്രിസ്തു പരിധിയില്ലാത്തവനാണ്—ഫിലി. 4:13:

Phil. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

1. ഗോതമ്പ് ക്രിസ്തുവിന്റെ ജഡാവതാരത്തിലേക്കും, മരണത്തിലലേക്കും, അടക്കത്തിലേക്കും വിരൽചൂണ്ടുകയും, ഇതിനെ തുടർന്ന് യവം അവന്റെ പുനരുത്ഥാനത്തിലേക്ക്, പുനരുത്ഥാനം ചെയ്ത ക്രിസ്തുവിലേക്ക് വിരൽചൂണ്ടുകയും ചെയ്യുന്നു—യോഹ. 11:25; എഫെ. 1:20.

   John. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

   Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

2. ഒരു വശത്ത്, ഗോതമ്പിനാൽ സൂചിപ്പിക്കപ്പെടുന്ന പരിമിതനായ യേശുവിനെ നമുക്ക് അനുഭവമാക്കാം; മറുവശത്ത്, യവത്താൽ സൂചിപ്പിക്കപ്പെടുന്ന പരിധിയില്ലാത്ത ക്രിസ്തുവിനെ നമുക്ക് അനുഭവമാക്കാം—യോഹ. 12:24; 6:9, 13:

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

John. 6:9 അഞ്ച് യവത്തപ്പവും രണ്ടു മീനുമുള്ള ഒരു ചെറിയ ബാലൻ ഇവിടെ ഉണ്ട്; എന്നാൽ ഇത്ര അധികം പേർക്ക് അത് എന്താകുന്നു?

John. 6:13 അങ്ങനെ അവർ ഭക്ഷിച്ചവർക്കിടയിൽ ശേഷിച്ച അഞ്ച് യവത്തപ്പത്തിൽ നിന്ന് നുറുക്കുകഷ്ണങ്ങൾ ശേഖരിച്ച് പന്ത്രണ്ടു ചെറുകുട്ടകൾ നിറച്ചു.

a. തന്റെ ജഡാവതാരത്തിൽ യേശു അത്യന്തം പരിമിതനായിരുന്നു, എന്നാൽ അവന്റെ പുനരുത്ഥാനത്തിൽ അവൻ പരിധിയില്ലാത്തവനാണ്—ലൂക്കൊ. 12:49-50; 24:5-6, 26, 34, 46.

Luke. 12:49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!

Luke. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

Luke. 24:5 അവരോ ഭയപ്പെട്ടു തങ്ങളുടെ മുഖം നിലത്തേക്കു കുനിച്ചുനിന്നു; ആ പുരുഷന്മാർ അവരോട്, ജീവിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്?

Luke. 24:6 അവൻ ഇവിടെ ഇല്ല, എന്നാൽ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഗലീലയിൽ ആയിരിക്കുമ്പോൾ തന്നെ നിങ്ങളോട് എപ്രകാരം സംസാരിച്ചു എന്ന് ഓർത്തുകൊള്ളുവിൻ,

Luke. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

Luke 24:34 കർത്താവു വാസ്തവമായി ഉയിർപ്പിക്കപ്പെട്ടു, ശിമോനു പ്രത്യക്ഷനാകുകയും ചെയ്തു എന്ന് പറഞ്ഞുകൊണ്ട് ഒന്നിച്ചു കൂടിവന്നതായി കണ്ടെത്തി.

Luke 24:46 അവൻ അവരോടു പറഞ്ഞു, ക്രിസ്തു കഷ്ടം സഹിക്കുകയും, മൂന്നാം നാൾ മരിച്ചവരിൽനിന്ന് ഉയിർക്കുകയും

b. ഗോതമ്പ് മരണത്തിന്റെ താഴ്വരയാണെങ്കിൽ, യവം പുനരുത്ഥാന പർവതമാണ്.

3. പരിമിതനായ യേശു എന്ന ഗോതമ്പിനെ അനുഭവമാക്കുവാൻ, നാം പരിധിയില്ലാത്ത ക്രിസ്തു എന്ന യവത്തെ പ്രയോഗിക്കേണ്ടതാവശ്യമാണ്; പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ശക്തിയിൽ നാം പരിമിതനായ യേശുവിനെ അനുഗമിക്കുന്നു—എബ്രാ. 13:12-13.

Heb. 13:12 അതുകൊണ്ട് യേശുവും, തന്റെ സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്, കവാടത്തിനു പുറത്ത് കഷ്ടം സഹിച്ചു.

Heb. 13:13 അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം.

4. നമ്മെ ശക്തരാക്കുന്നവനിൽ നമുക്ക് സകലവും ചെയ്യുവാൻ കഴിയും, കാരണം അവൻ ഉയിർത്തെഴുന്നേറ്റവനും പരിധിയില്ലാത്തവനുമായ ക്രിസ്തു ആണ്—ഫിലി. 4:13.

Phil. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

5. ക്രിസ്തുവിനെ നാം ഗോതമ്പായി അനുഭവിക്കുമ്പോഴെല്ലാം, യവമായ ക്രിസ്തുവിന്റെ അനുഭവം പിന്തുടരുമെന്ന് നമുക്ക് ഉറപ്പുണ്ട്—ആവ. 8:8.

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

6. വാസ്തവത്തിൽ, ക്രിസ്തുവിനെ ഗോതമ്പുമണിയായി, പരിമിതനായ യേശുവായി അനുഭവിക്കണമെങ്കിൽ, നാം അവനെ യവമായി, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവായി പ്രയോഗിക്കണം—യോഹ. 12:24-25.

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

John. 12:25 തന്റെ ദേഹിജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കുന്നു; ഈ ലോകത്തിൽ തന്റെ ദേഹിജീവനെ വെറുക്കുന്നവനോ, നിത്യജീവങ്കലേക്ക് അതിനെ സൂക്ഷിക്കും.

7. നമുക്ക് നമ്മിൽത്തന്നെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയുകയില്ല, എന്നാൽ നമ്മുടെ ഉള്ളിൽ ഒരു യവത്തപ്പം, പരിമിതിയില്ലാത്ത പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ഒരു ഭാഗം, എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും, ഒരു ശേഷിപ്പ് ഉളവാക്കുകയും ചെയ്തേക്കാം—11:25.

John. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

8. ഉയിർത്തെഴുന്നേറ്റ ക്രിസ്തു യവത്തപ്പമാണ്; ഒന്നിനും അവനെ തടയുവാനോ പരിമിതപ്പെടുത്തുവാനോ കഴിയുകയില്ല.

9. ക്രിസ്തു നമ്മിലുള്ള യവമാണെന്ന് നാം ഓർക്കുന്നുവെങ്കിൽ, നാം ഒരു യോഗത്തിലേക്കു വരുമ്പോൾ, നമ്മുടെ പ്രാർഥനയിലൂടെയോ സാക്ഷ്യത്തിലൂടെയോ മറ്റുള്ളവരെ പോഷിപ്പിക്കുവാൻ നമുക്ക് അവനെ യവമായി പ്രയോഗിക്കുവാൻ കഴിയും.